"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പാലക്കാട് നഗരസഭ - - ട്ടുലൈൻ പബ്ലിക് സ്കൂൾ എന്ന സ്ഥാപനം അനധികൃതമായി പ്രവർത്തിച്ചതുമായി ബന്ധപ്പെട്ട ക്രമക്കേട് - വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ മിന്നൽ പരിശോധനയും തുടർന്ന് നടത്തിയ പ്രാഥമിക അന്വേഷണവും - നഗരസഭ സെക്രട്ടറിമാരായിരുന്ന ശ്രീ.രഘുരാമൻ, ശ്രീ.ജയകുമാർ.ഡി എന്നിവർക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.2367/2025/LSGD തീയതി,തിരുവനന്തപുരം, 27-09-2025

പരാമർശം:-

1. വിജിലൻസ് & ആന്റ് കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 27.12.2022 തീയതിയിലെ E 12 (SC45/2022/PKD) 45904/2022 നമ്പർ കത്ത്.
2. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 04.09.2023 തീയതിയിലെ E12(PE-1/2023/PKD) 45904/2022/DVACB നമ്പർ കത്ത്.
3. ശ്രീ.രഘുരാമൻ, ശ്രീ.ജയകുമാർ.ഡി എന്നിവർക്ക് നൽകിയ 19.05.2025 തീയതിയിലെ ഇയു4/148/2023-തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ/പത്രിക .
4. ശ്രീ.രഘുരാമൻ സമർപ്പിച്ച 02.06.2025 തീയതിയിലെ പ്രതിവാദ പത്രിക.
5. ശ്രീ.ജയകുമാർ.ഡി സമർപ്പിച്ച 23.06.2025 തീയതിയിലെ പ്രതിവാദ പത്രിക.
6. പ്രിൻസിപ്പൽ ഡയറക്ടറുടെ 11.08.2025 തീയതിയിലെ LSGD/PD/208/2024-VIGD1 നമ്പർ കത്ത്.

**ഉത്തരവ്**

"ഓപ്പറേഷൻ ട്ടൂ ഹൗസ്" എന്ന പേരിൽ പാലക്കാട് നഗരസഭയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 22.07.2022 ൽ മിന്നൽ പരിശോധന നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ പാലക്കാട് നഗരസഭാ പരിധിയിൽ ട്ടുലൈൻ പബ്ളിക് സ്കൂൾ എന്ന സ്ഥാപനം 14 വർഷമായി അനധികൃമായി പ്രവർത്തിച്ച് വരുന്നതായി കണ്ടെത്തിയിരുന്നു. തുടർന്ന് ടി ക്രമക്കേടിൽ പ്രാഥമിക അന്വേഷണം നടത്തി സമർപ്പിച്ച പരാമർശം (2) റിപ്പോർട്ടിൽ ദേശീയപാതയുടെ സർവീസ് റോഡിന്റെ സമീപത്തുള്ള ശ്രീ. കെ നാരായണൻ എന്നയാളുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 2017 മുതൽ 2019 വരെ നടന്നതായ 3 നില കെട്ടിടത്തിന്റെ അനധികൃത നിർമ്മാണ പ്രവർത്തനം Holiday Squad-ന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നത് ടി കാലയളവിലെ Holiday Squad-ലെ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള ജോലിയിലുള്ള വീഴ്ചയും ഉത്തരവാദിത്തമില്ലായ്മയുമാണെന്നും Holiday Squad-ന്റെ പ്രവർത്തനം കൃത്യമായി നിരീക്ഷിക്കുന്നതിലും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിലും ബന്ധപ്പെട്ട മുൻസിപ്പൽ സെക്രട്ടറിമാരുടെ ഭാഗത്ത് നിന്നും മേൽനോട്ടവീഴ്ച ഉണ്ടായിട്ടുള്ളതാണെന്നും വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കണ്ടെത്തിയിരുന്നു. ടി കാലയളവിലെ മുൻസിപ്പൽ സെക്രട്ടറിമാരായിരുന്ന ശ്രീ.രഘുരാമൻ, ശ്രീ.ജയകുമാർ.ഡി എന്നീ ഉദ്യോഗസ്ഥർക്കെതിരെ കർശനമായ വകുപ്പ്തല നടപടികൾ സ്വീകരിക്കേണ്ടതാണെന്നും വിജിലൻസ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

2. മിന്നൽ പരിശോധന റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ നഗരസഭ സെക്രട്ടറി ആയിരുന്ന ശ്രീ.രഘുരാമൻ, ശ്രീ.ജയകുമാർ.ഡി എന്നിവരിൽനിന്നും വിശദീകരണം ആവശ്യപ്പെടുകയും ടി വിശദീകരണം തൃപ്തികരമല്ലാത്തതിനെ തുടർന്ന് ടി ഉദ്യോഗസ്ഥർക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V, ചട്ടം 15 പ്രകാരം അച്ചടക്ക നടപടി ആരംഭിച്ച് പരാമർശം (3) പ്രകാരം കുറ്റാരോപണ

മെമ്മോ/പത്രിക നൽകുകയുണ്ടായി. കുറ്റാരോപണ മെമ്മോയ്ക്ക് പരാമർശം (4), (5) പ്രകാരം ലഭ്യമായ പ്രതിവാദ പത്രികയിൻമേൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (6) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു.

3.വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ മിന്നൽ പരിശോധന റിപ്പോർട്ടും പ്രാഥമിക അന്വേഷണ റിപ്പോർട്ടും, നഗരസഭ സെക്രട്ടറിമാരായിരുന്ന ശ്രീ.രഘുരാമൻ, ശ്രീ.ജയകുമാർ.ഡി എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികയും പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടും സർക്കാർ പരിശോധിച്ചു. എഞ്ചിനീയറിംഗ് വിഭാഗത്തിന് ഗുരുതരമായ വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിലും 4 നിലയിൽ (3 നില + School top sheet) ഒരു സ്കൂൾ 14 വർഷമായി പ്രവർത്തിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടില്ല എന്നുള്ളത് നഗരസഭ സെക്രട്ടറിമാരായിരുന്ന ശ്രീ ജയകുമാർ ഡി , ശ്രീ രഘുരാമൻ എന്നിവരുടെ വിഴ്ചയാണെന്നും ടി ഉദ്യോഗസ്ഥർ സമർപ്പിച്ച പ്രതിവാദപത്രിക അംഗീകരിക്കാവുന്നതല്ലെന്നും കാണുന്നു.

4.ആയതിനാൽ നഗരസഭ സെക്രട്ടറിമാരായിരുന്ന ശ്രീ.രഘുരാമൻ, ശ്രീ.ജയകുമാർ.ഡി(നിലവിൽ ജോയിന്റ് ഡയറക്ടർമാർ) എന്നിവർക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി തുടരുന്നതിന്റെ ഭാഗമായി 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V, ചട്ടം 15 പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ(വിജിലൻസ്)-നെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവാകുന്നു.

4.പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ (വിജിലൻസ്) അന്വേഷണം നടത്തി ഈ ഉത്തരവ് കൈപ്പറ്റി 30 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
അഡീഷണലൽ ഡയറക്ടർ(വിജിലൻസ്) , പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ശ്രീ.രഘുരാമൻ, ജോയിന്റെ ഡയറക്ടർ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീ.ജയകുമാർ.ഡി, ജോയിന്റെ ഡയറക്ടർ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഇയു4/148/2023-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 29-09-2025 10:12:36
സെക്ഷൻ ഓഫീസർ